ഗവൺമെന്റ് നിർദ്ദേശത്തിനു വിരുദ്ധമായി ഫീസ് ഈടാക്കിയ പ്രൊഫഷണൽ കോളേജുകൾ

120 [1530] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

" എ. കെ. ബാലൻ:

" എം. വി. ജയരാജൻ:

" മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്ന് ഈ വർഷം സർക്കാർ കോളേജുകളിലെ ഫീസ് മാത്രമേ ഈടാക്കാവൂ എന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഗവൺമെന്റ് നിർദ്ദേശത്തിനു വിരുദ്ധമായി രണ്ടാം വർഷ വിദ്യാർത്ഥികളിൽ നിന്നും കൂടുതൽ ഫീസ് ഈടാക്കിയ പ്രൊഫഷണൽ കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 29-6-2004-ലെ സർക്കാർ ഉത്തരവ് നം. (ആർടി.) 867/04/ഉ.വി.വ.-യുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†

(ബി) രണ്ടാം വർഷ വിദ്യാർത്ഥികളിൽ നിന്നും കൂടുതൽ ഫീസ് ഈടാക്കിയ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകളോട് അധികമായി ഈടാക്കിയ തുക ഉടൻ തന്നെ മടക്കി നൽകാനുള്ള നിർദ്ദേശവും പ്രസ്തുത ഉത്തരവിൽ ഉണ്ട്.

നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ

121 [1531] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ട് എന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഗവൺമെന്റ് കോളേജുകൾ ഏതെല്ലാമെന്നും സ്വകാര്യ കോളേജുകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വാശ്രയ കോളേജുകൾ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇനി പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) എൺപത്തിനാല്.

(ബി) ഗവൺമെന്റ് കോളേജുകൾ:

1. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺ ഹിൽ, തിരുവനന്തപുരം.
2. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.
3. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം.
4. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ.
5. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട്.
6. ഗവൺമെന്റ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കണ്ണൂർ.
7. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്.
8. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി.
9. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, വയനാട്.

കേരള അഗ്രികൾച്ചറൽ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകൾ

10. കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി, മണ്ണുത്തി, തൃശ്ശൂർ.
11. കെ. സി. എ. ഇ. റ്റി., തവന്നൂർ, മലപ്പുറം.

സ്വകാര്യ എയ്ഡഡ് കോളേജുകൾ

12. ടി. കെ. എം. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊല്ലം.
13. മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കോതമംഗലം.
14. എൻ. എസ്. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാലക്കാട്.

(സി) സ്വാശ്രയ കോളേജുകൾ സംബന്ധിക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(ഡി) എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly